പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 254

# 2020-ലെ കേരള ധനവിനിയോഗ ബിൽ.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 254

# 2020-ലെ കേരള ധനവിനിയോഗ ബിൽ

259/2020(i).

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 254

# 2020-ലെ കേരള ധനവിനിയോഗ ബിൽ

## 2019-2020 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

## ഒരു

## ബിൽ

പീഠിക.—2019-2020 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2020-ലെ കേരള ധനവിനിയോഗ ആക്റ്റ് എന്ന് പേര് പറയാം.

2. 2019-2020 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും 33038,87,61,000 രൂപ നൽകൽ.—2019-2020 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം മുപ്പത്തിമൂവായിരത്തി മുപ്പത്തിയെട്ട് കോടി എൺപത്തിയേഴ് ലക്ഷത്തി അറുപത്തി ഒന്നായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള 'സർവ്വീസുകൾക്കും ആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹) | ആകെ (₹) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യൂ | 20,42,43,000 | *3,00,000* | 20,45,43,000 |
| 2 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 6,30,00,000 | *1,04,57,000* | 7,34,57,000 |
| 3 | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 53,55,00,000 | .. | 53,55,00,000 |
| 4 | V | ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | റവന്യൂ | 1,000 | *2,01,66,000* | 2,01,67,000 |
| 5 | VI | ഭൂനികുതി | റവന്യൂ | 1,000 | .. | 1,000 |
| 6 | VIII | എക്സൈസ് | റവന്യൂ | 3,00,00,000 | .. | 3,00,00,000 |
| 7 | IX | വാഹന നികുതികൾ | റവന്യൂ | 32,00,00,000 | .. | 32,00,00,000 |
| 8 | | കടബാദ്ധ്യതകൾ | റവന്യൂ | .. | *1794,34,58,000* | 1794,34,58,000 |
| 9 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 78,05,38,000 | .. | 78,05,38,000 |
| 10 | XII | പോലീസ് | റവന്യൂ | 1,000 | .. | 1,000 |
| 11 | XIII | ജയിലുകൾ | റവന്യൂ | 1,41,00,000 | .. | 1,41,00,000 |
| 12 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 1,000 | .. | 1,000 |

| | | | | | | |
|---|---|---|---|---|---|---|
| 13 | XV | പൊതുമരാമത്ത് | റവന്യൂ | 1,000 | .. | 1,000 |
| 14 | XVI | പെൻഷനും പലവകയും | റവന്യൂ | 1998,92,52,000 | .. | 1998,92,52,000 |
| 15 | XVII | വിദ്യാഭ്യാസം, കായികവിനോദം, | റവന്യൂ | 40,11,29,000 | *94,000* | 40,12,23,000 |
| | | കല, സംസ്കാരം | മൂലധനം | .. | *52,98,000* | 52,98,000 |
| 16 | XVIII | വൈദ്യസഹായരംഗവും | റവന്യൂ | 498,08,28,000 | .. | 498,08,28,000 |
| | | പൊതുജനാരോഗ്യവും | മൂലധനം | .. | *3,22,61,000* | 3,22,61,000 |
| 17 | XIX | കുടുംബക്ഷേമം | റവന്യൂ | 78,00,00,000 | .. | 78,00,00,000 |
| 18 | XXI | ഭവനനിർമ്മാണം | റവന്യൂ | 36,62,78,000 | *27,39,000* | 36,90,17,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 19 | XXII | നഗരവികസനം | റവന്യൂ | 1,00,01,000 | .. | 1,00,01,000 |
| | | | മൂലധനം | .. | *11,62,91,000* | 11,62,91,000 |
| 20 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 1,000 | .. | 1,000 |
| 21 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | റവന്യൂ | 9,59,000 | .. | 9,59,000 |
| 22 | XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | 1464,22,00,000 | .. | 1464,22,00,000 |
| 23 | XXVII | സഹകരണം | മൂലധനം | 28,36,85,000 | .. | 28,36,85,000 |
| 24 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 1,000 | .. | 1,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹) | ആകെ (₹) |
| 25 | XXIX | കൃഷി | മൂലധനം | .. | *2,60,38,000* | 2,60,38,000 |
| 26 | XXX | ഭക്ഷ്യം | റവന്യൂ | 56,14,000 | - | 56,14,000 |
| 27 | XXXIV | വനം | റവന്യൂ | .. | *97,000* | 97,000 |
| 28 | XXXV | പഞ്ചായത്ത് | റവന്യൂ | 100,00,01,000 | .. | 100,00,01,000 |
| | | | മൂലധനം | 50,00,00,000 | .. | 50,00,00,000 |
| 29 | XXXVII | വ്യവസായങ്ങൾ | മൂലധനം | .. | *7,59,000* | 7,59,000 |
| 30 | XXXVIII | ജലസേചനം | മൂലധനം | .. | *66,28,000* | 66,28,000 |
| 31 | XLI | ഗതാഗതം | മൂലധനം | 462,90,54,000 | *42,14,13,000* | 505,04,67,000 |
| 32 | XLII | വിനോദസഞ്ചാരം | റവന്യൂ | 1,000 | - | 1,000 |
| 33 | | പൊതുകടം തിരിച്ചടയ്ക്കൽ | മൂലധനം | .. | *25925,88,30,000* | 25925,88,30,000 |
| 34 | XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 300,75,00,000 | *41,000* | 300,75,41,000 |
| | | | **ആകെ** | **5254,38,91,000** | ***27784,48,70,000*** | **33038,87,61,000** |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2019-2020 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനു വേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരത ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച പ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്.